# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2472 — 07.10.2016 ലെ മറുപടിക്ക്

## അനധികൃത കെട്ടിട നിർമ്മാണം

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ.അനിൽ അക്കര:
ശ്രീ.ഐ.സി.ബാലകൃഷ്ണൻ:
ശ്രീ.ഷാഫി പറമ്പിൽ:

(എ) സംസ്ഥാനത്ത് അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഓണാവധിക്കാലത്ത് അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടികൾ ഫലപ്രദമായിരുന്നോ; ഓണക്കാലത്ത് എത്ര അനധികൃത കെട്ടിടങ്ങളാണ് നിർമ്മിച്ചതായി കണ്ടെത്തിയത്;

(ഡി) തുടർച്ചയായ അവധി ദിവസങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്; ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചോ; വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.കെ.റ്റി.ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ), (ബി), (സി) & (ഡി)

സംസ്ഥാനത്ത് അവധിക്കാലത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടക്കാൻ സാധ്യതയുണ്ടെന്ന് പരാതി ലഭിച്ചതിനെ തുടർന്ന് ആയത് തടയുന്നതിന് നഗരസഭ സെക്രട്ടറി, നഗരസഭയിലെ എഞ്ചിനീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫ് മുനിസിപ്പാലിറ്റീസ്, പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്തിലെ എഞ്ചിനീയർ/ ഓവർസീയർ/ കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ ഡെപ്യൂട്ടി ടൗൺ പ്ലാനർ, ബന്ധപ്പെട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു സ്ക്വാഡ് 07.09.2016 ലെ സ.ഉ.(സാധാ)നം.2627/2016/തസ്വഭവ പ്രകാരം രൂപീകരിക്കുകയുണ്ടായി. പ്രസ്തുത അവധിക്കാലത്ത് മൊത്തം 84 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടില്ലാത്തതിനാൽ ആർക്കെതിരെയും നടപടികളൊന്നും സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ